(എ) കഴിഞ്ഞ മാസം കേന്ദ്ര ഗവൺമെൻറു വിളിച്ചു കൂട്ടിയ സംസ്ഥാന വിദ്യാഭ്യാസ മന്ത്രിമാരുടെ സമ്മേളനത്തിലെ തീരുമാനങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കാമോ;

(ബി) ഈ സമ്മേളനത്തിൽ സംസ്ഥാന ഗവൺമെൻറ് വച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്):

(എ) പുതിയ വിദ്യാഭ്യാസ നയത്തിൻെറ വിവിധ വശങ്ങളെപ്പറ്റി ചർച്ച ചെയ്യുന്നതിനും അതിൻെറ വെളിച്ചത്തിൽ ദേശീയ തലത്തിൽ വിവിധ വേദികളിൽ ഇതു ചർച്ചചെയ്ത് ഒരു പുതിയ വിദ്യാഭ്യാസ നയം രൂപീകരിക്കുന്നതിനും വേണ്ടിയാണ് പ്രധാനമായും ഈ സമ്മേളനം വിളിച്ചു കൂട്ടിയത്. സമ്മേളനത്തിൻെറ തീരുമാനങ്ങളടങ്ങിയ നടപടി കുറിപ്പു ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) നിർദ്ദേശങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്.*

സംസ്കൃത യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ നടപടി

* 177 [223] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു സംസ്കൃത യൂണിവേഴ്സിറ്റി സ്ഥാപിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്):

(എ) ചില നിർദ്ദേശങ്ങൾ ഗവൺമെൻറിൻെറ പരിഗണനയിലുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

വെള്ളപ്പൊക്കത്തിൽ നാഷണൽ ഹൈവേക്ക് വന്ന കേട്

* 178 [224] ശ്രീ. പി.കെ. കുഞ്ഞലിക്കുട്ടി:

" ഇ.ടി. മുഹമ്മദ് ബഷീർ:

" പി.കെ.കെ. ബാവ:

" പി. സീതിഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ എത്ര കിലോമീറ്റർ നാഷണൽ ഹൈവേയ്ക്ക് കേടുവന്നു;

(ബി) കേടുവന്ന നാഷണൽ ഹൈവേ നന്നാക്കാൻ കേന്ദ്ര ഗവൺമെൻറ് എത്ര ലക്ഷം രൂപ മുൻകൂർ അനുവദിച്ചു;

* അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly